മികവ് 2021-22

# സി എം എം യു പി സ്കൂൾ എരമംഗലം



2021-21 22 അധ്യയനവർഷം മുൻവർഷത്തെ തുടർച്ചയെന്നോണം ഓൺലൈൻ സംവിധാനത്തിലൂടെ തന്നെയാണ് പ്രാരംഭം കുറിച്ചത് പ്രവേശനോത്സവം ഓൺലൈൻ വഴി വളരെ വിപുലമായി നടത്താൻ തീരുമാനിച്ച പ്രകാരം ഉദ്ഘാടനത്തിനായി സ്കൂൾ മാനേജർ ശ്രീ അഫ്സൽ അലി മുഖ്യാതിഥിയായി വിദ്യാർഥികൾക്കായി സന്ദേശം കൈമാറി വിദ്യാർഥികൾക്കായി ഒരുക്കിയ ഓൺലൈൻ സൗകര്യങ്ങളെക്കുറിച്ചും അവ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ അതിനുള്ള നിർദ്ദേശങ്ങളും മാനേജർ പങ്കുവച്ചു നവമാധ്യമങ്ങളുടെ ഗുണങ്ങളും നേട്ടങ്ങളും കോട്ടങ്ങളും അവ ഉപയോഗിക്കേണ്ട ശാസ്ത്രീയ വശങ്ങളെക്കുറിച്ച് സൈക്കോളജിസ്റ്റ് ഇതുമായി ബന്ധപ്പെട്ട വീഡിയോ വാട്സപ്പ് ഗ്രൂപ്പിലേക്ക് അയച്ചു കൊടുത്തു.



# പ്രവേശനോത്സവം 2021 -22















വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വൃക്ഷത്തെ നട്ടു കൊണ്ടുള്ള ചിത്രങ്ങൾ ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവെച്ചു ജ്ജൂൺ 12 ബാലവേല വിരുദ്ധ ദിനത്തിൻറെ ഭാഗമായി സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടത്തുന്ന 152 മില്യൺ ദശലക്ഷം ഭാഗങ്ങളും ബാലവേല കളിയിൽ ഏർപ്പെടുന്ന ചിത്രശലഭങ്ങളെ പോലെ പാറി പറക്കാൻ ബാല്യം അറിവും കഴിവും നേടിയെടുക്കേണ്ട കാലഘട്ടം ആണെന്നുള്ള ബോധം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കക തരത്തിലുള്ള വീഡിയോ പ്രദർശനവും ഡോക്യുമെൻററി നിർമിച്ചു നൽകി

പ്രവേശനോത്സവ ദിനത്തിൽ വിദ്യാർഥികൾക്കായി ഒരുക്കിയ ശാസ്ത്ര പരീക്ഷണ വീഡിയോ ഏഴാം ക്ലാസിലെ നൂഹ് നസ്റിൻ പങ്കുവെച്ചു.അതോടൊപ്പം ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത് എന്ന് സന്ദേശമുയർത്തിപ്പിടിച്ച് 6 7 ക്ലാസിലെ ബഷീർ അബ്ദുൽ റഹീം 7 G ക്ലാസിലെ അജ്മൽ അബ്ബാസ് എന്നിവർ കുട്ടകാരെ പ്രചോദിപ്പിക്കുന്ന തരത്തിൽ ഫുട്ബോൾ വ്യായാമ പരിശീലന മുറകൾ ഉൾപ്പെടുന്ന ഒരു വീഡിയോ പങ്കുവെച്ചു.ജൂൺ അഞ്ച് ലോക പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ ഓൺലൈനായി സംഘടിപ്പിച്ചു.വിദ്യാർഥികൾക്ക് ദിനത്തിന്റെ ഗൗരവവും പ്രാധാന്യവും അതുപോലെതന്നെ കേവലം ആസൂത്രണത്തിലും പദ്ധതിയിലും ശരിയായ രീതിയിൽ ഭൂമിയിൽ വസിക്കുന്ന ഓരോ മനുഷ്യനെയും കടമയാണെന്ന് തയ്യാറാക്കി അതോടൊപ്പം'പ്രകൃതിയെ അടുത്തറിയാം ' എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു .

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വൃക്ഷത്തൈ നട്ടു കൊണ്ടുള്ള ചിത്രങ്ങൾ ക്ലാസ് ഗ്രൂപ്പുകളിൽ പങ്കുവെച്ചു ജൂൺ 12 ബാലവേല വിരുദ്ധ ദിനത്തിൻറെ ഭാഗമായി സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടത്തുന്ന 152 മില്യൺ ദശലക്ഷം ഭാഗങ്ങളും ബാലവേല കളിയിൽ ഏർപ്പെടുന്ന ചിത്രശലഭങ്ങളെ പോലെ പാറി പറക്കാൻ ബാല്യം അറിവും കഴിവും നേടിയെടുക്കേണ്ട കാലഘട്ടം ആണെന്നുള്ള ബോധം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുക തരത്തിലുള്ള വീഡിയോ പ്രദർശനവും ഡോക്യുമെൻററി നിർമിച്ചു നൽകി

ജൂലൈ 5 ബഷീർ ദിനത്തോടനുബന്ധിച്ച് ഇംഗ്ലീഷ് ക്ലബ് ഉദ്ഘാടനം സംഘടിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ടുത്തി കഥാപാത്ര അവതരണം ,ബഷീർ നോവലിലെ ഏതെങ്കിലും കഥാപാത്രങ്ങളും സന്ദർഭങ്ങളും പുതുമയുടെയും തനിമയോടെ ചിത്രീകരിക്കാനുള്ള അവസരം നൽകി ചിത്രീകരണത്തിന് രക്ഷിതാക്കളുടെ പൂർണ പങ്കാളിത്തവും ഉണ്ടായിരുന്നു ജൂലൈ 11 ലോക ജനസംഖ്യാദിനം അതോടനുബന്ധിച്ച് സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ഉദ്ഘാടനം നടന്നു. ജനസംഖ്യ ദിനത്തിൻറെ ഓർമ്മപ്പെടുത്തൽ, തുടർന്ന് കുട്ടികളുടെ വിവിധ പ്രവർത്തനങ്ങളും ഓൺലൈനായി സംഘടിപ്പിച്ചു

അന്നേദിവസം തന്നെ ഉദ്ഘാടനം നടത്തി ഉദ്ഘാടന ചടങ്ങിനുശേഷം കുട്ടികളുടെ ഗണിത പ്രവർത്തനങ്ങൾ നടത്തി ജൂലൈ 19 ന് ജപ്പാനിൽ യിൽ വച്ച് നടന്ന ഒളിമ്പിക്സ് താരങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടികളും അതോടൊപ്പം ആശംസകൾ മത്സരങ്ങളും ഓഫ് ഇന്ത്യ എന്ന ആശയത്തിൽ സംഘടിപ്പിച്ചു 21 ചാന്ദ്ര ദിനത്തോടനുബന്ധിച്ച് ഉദ്ഘാടന ചടങ്ങും ചാന്ദ്രദിന ക്വിസ് ഓൺലൈനായി സംഘടിപ്പിക്കുകയും ചെയ്തു ഓൺലൈൻ പഠനം സാധ്യമാകാത്ത വിദ്യാർഥികൾക്കായി ജൂലൈ 22–നു സ്കൂളിൽ ഡിജിറ്റൽ ലൈബ്രറി പ്രവർത്തനം ആരംഭിച്ചു മാനേജ്മെൻറ് സ്റ്റാഫ് എന്നിവ സംയുക്തമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ലൈബ്രറിയിൽ നിന്നും സ്മാർട്ട് ഫോണുകൾ സമ്മാനിച്ചു രജിസ്റ്റർ തയ്യാറാക്കുകയും ചെയ്തു

നല്ല പാഠം പദ്ധതിയുടെ ഭാഗമായി മലയാള മനോരമയും കേരള ഒളിമ്പിക് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച ഒളിമ്പിക് ആശംസകാർഡ് മത്സരത്തിൽ ജില്ലാ തലത്തിൽ നമ്മുടെ സ്കൂളിലെ ഏഴാം ക്ലാസിലെ വിദ്യാർഥിനി അർച്ചന ഉണ്ണി വിജയം കൈവരിച്ചു ജില്ലാതലത്തിൽ ആയിരക്കണക്കിന് കുട്ടികൾ പങ്കെടുത്ത മത്സരത്തിൽ ആണ് ഈ അഭിമാന നേട്ടം കൈവരിച്ചത്.

മലയാള മനോരമ നല്ലപാഠം പദ്ധതിയിൽ മികവുറ്റ ഒട്ടനവധി ഉപകാരപ്രദവും അഭിമാനകരമായ അതോടൊപ്പം സമൂഹത്തിലിറങ്ങി ജനങ്ങൾക്ക് ഉപകാരം ആകുന്ന പ്രവർത്തനങ്ങൾ അവതരിപ്പിച്ചതിന് മലയാള മനോരമ നല്ലപാഠം പദ്ധതി സ്കൂളിന് എ പ്ലസ് സർട്ടിഫിക്കറ്റ് സമ്മാനിച്ചു

ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് സാമൂഹ്യശാസ്ത്ര ക്ലബ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു.പോസ്റ്റർ നിർമ്മാണം, സുഡാക്കോ കൊക്ക് നിർമ്മാണം ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുകയുണ്ടായി. യുദ്ധം മാനവരാശിക്ക് കൂടി ഒന്നുംതന്നെ ഇല്ലെന്നും ലോകസമാധാനം ആണ് ഏറ്റവും വലുത് എന്നും വിദ്യാർത്ഥികളുടെ മനസ്സിൽ ഉറപ്പിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു

സ്വാതന്ത്ര്യ ദിനാഘോഷം വിപുലം അല്ലാത്ത രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആഘോഷിച്ചു. എച്ച് എം ശ്രീമതി ഓമന ടീച്ചർ സ്വാതന്ത്ര്യ ദിന സന്ദേശങ്ങൾ ഓൺലൈൻ ആയി കൈമാറി.അതിനോടനുബന്ധിച്ച് ഡിജിറ്റൽ പതാക നിർമാണം പ്രസംഗമത്സരം ഡോക്യുമെൻററി പ്രദർശനം എന്നീ പരിപാടികൾ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു.

കോവിഡ് പ്രോട്ടോകോൾ പൂർണമായും പാലിച്ച വിദ്യാലയം അലങ്കരിച്ച .അധ്യാപകരും പിടിഎ യും ഒത്തൊരുമിച്ച് പ്രവേശനോത്സവത്തിന് കുട്ടികളെ സ്വാഗതം ചെയ്തു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് വിവിധ ക്ലബ്ബുകൾ വിവിധ പരിപാടികൾ സംഘടിപ്പിച്ച .ഡിസംബർ 3 ലോക ഭിന്നശേഷി ദിനാചരണ ത്തിന്റെ ഭാഗമായി ചേർത്തുപിടിക്കാൻ ഒന്നാകാം എന്ന പരിപാടിയിൽ വിദ്യാർഥികൾ ഒരുക്കിയ ചിത്രരചന കളുടെ പ്രദർശന പരിപാടികൾ അവിസ്മരണീയമായി . യു എസ്സ് എസ്സ് സ്കോളർഷിപ്പിന് കുട്ടികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ഡിസംബർ ആറിന് പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ തിരഞ്ഞെടുത്ത് പ്രത്യേക യുഎസ് പരിശീലന ക്ലാസുകൾ തുടർന്നുപോകുന്നു

ഡിസംബർ അഞ്ചിന് താനൂർ ദേവധാർ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന മലപ്പുറം ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പിൽ സ്കൂളിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത നീരജ്, അലൻ എന്നീ വിദ്യാർഥികൾക്ക് സ്വർണമെഡൽ ലഭിക്കുകയും സംസ്ഥാന ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടുകയും ചെയ്തു .ഡിസംബർ 8 വിജ്ഞാനത്തിനും വിനോദത്തിനും പുതിയ കവാടങ്ങൾ വിദ്യാർഥികൾക്കു മുമ്പിൽ തുറന്നുകാട്ടുകയാണ് .കുട്ടികളെ ചിരിപ്പിക്കാനും ഏറെ ചിന്തിക്കുവാനും ജീവിതവിജയത്തിന് വഴികാട്ടിയുമായി സി എം യു പി സ്കൂൾ പുതിയ ഒരു സംരംഭത്തിനു തുടക്കം കുറിച്ചു. വിദ്യാർഥികളെ ചിരിപ്പിക്കുക ഏറെ ചിന്തിപ്പിക്കുക എന്ന ഉദ്ദേശത്തോടെ അറിയാം അറിയാം അറിഞ്ഞു കൊണ്ടേയിരിക്കാം എന്ന് സ്കൂൾ റേഡിയോ പ്രവർത്തനം ആരംഭിച്ചു. ഡിസംബർ 10 ലോക മനുഷ്യാവകാശ ദിനത്തിൽ വിദ്യാർഥികൾ വിവിധ സന്ദേശങ്ങളും പോസ്റ്ററുകളും സ്കൂൾ ബോർഡിൽ പ്രദർശിപ്പിച്ചു. ഡിസംബർ 14 ദേശീയ ഊർജ്ജസംരക്ഷണ ദിനം ആചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി ചിത്രരചനാമത്സരം ബോധവൽക്കരണ റാലി എന്നിവ വളരെ ഭംഗിയായി നടന്നു .

ഡിസംബർ 16 ഇന്ത്യൻ സായുധസേനയുടെ ധീരതയും ധൈര്യവും അനുസ്മരിക്കുന്നതിന്റെ ഭാഗമായുള്ള ഡിസംബർ 16 വിജയദിവസം ആഘോഷപരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചു .വിദ്യാർത്ഥികൾക്കായി ആ ദിവസത്തിന് പ്രാധാന്യം മനസ്സിലാക്കുന്ന എക്സിബിഷനും അനുസ്മരണ പ്രഭാഷണവും അനുമോദനവും നടത്തി . മുഖ്യമന്ത്രി ശ്രീ മോഹൻദാസ് അവർകൾ വിദ്യാർഥികൾക്ക് മുൻപിൽ അനുസ്മരണപ്രഭാഷണം അവതരിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ തിളക്കം നേടി സ്കൂളിന് അഭിമാനമായി ശ്രീ ആനിഫ്, ഫിസിക്കൽ എജ്യുക്കേഷൻ അധ്യാപകൻ വിദ്യാർഥികളായ നീരജ അലൻ എന്നിവരെ ആദരിച്ചു

ഡിസംബർ 18 ദേശീയ അറബിക് ദിനത്തോടനുബന്ധിച്ച് സ്കൂളിൽ അറബിക് ക്വിസ്, പദ്യം ചൊല്ലൽ എന്നിവയും അറബിക് ഭാഷ പ്രാധാന്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ പരിപാടികൾ എന്നിവയും സംഘടിപ്പിച്ചു.

ഡിസംബർ 17 ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ രണ്ട് ബാച്ചുകളിലായി വായന ക്വിസ് മത്സരം സംഘടിപ്പിച്ചു.

ഡിസംബർ 24ന് ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ക്രിസ്തുമസ് സ്റ്റാർ, ക്രിസ്തുമസ് കാർഡ് തയ്യാറാക്കൽ എന്നീ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും അതിന് പ്രദർശനം നടത്തുകയും ചെയ്തു. ക്രിസ്തുമസ് കരോൾ ഗാനം ആലപിച്ച് ക്രിസ്തുമസ് വളരെ ഭംഗിയായി ആഘോഷിച്ചു.

ജനുവരി 7 രക്ഷിതാക്കൾക്ക് വേണ്ടി ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കുട്ടികളും രക്ഷിതാക്കളും പൊതുസമൂഹവും എന്ന വിഷയത്തെ ആസ്പദമാക്കി ജുവൈനൽ ജസ്റ്റിസ് ബോർഡ് മെമ്പർ കെ പി ഹരിദാസ് ബോധവൽക്കരണ ക്ലാസിൽ നേതൃത്വം നിർവഹിച്ചു .

മലപ്പുറം ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന വായനാ മത്സരത്തിൽ പഞ്ചായത്ത് തലത്തിൽ നിവേദിത ശ്രീനിവാസൻ ,ലെന എന്നിവർ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി.

മലപ്പുറം ജില്ലാ ഒളിമ്പിക് ഗെയിംസിൽ കരാട്ടേ മത്സരത്തിൽ ഫൈറ്റിംഗ് കാറ്റഗറിയിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകൻ ആനിഫ് മാസ്റ്റർ മാസ്റ്ററെ അനുമോദിച്ചു രാജ്യത്തിന്റെ എഴുപത്തി മൂന്നാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കോവിഡ മാനദണ്ഡങ്ങൾ പാലിച്ച് ആഘോഷിച്ചു തുടർന്ന് റിപ്പബ്ലിക് ദിന ക്വിസ് മത്സരം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു

നന്ദി